STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.117/PR/SPMC/PHQ/2025 Date: 24.05.2025

## സൈബർ സുരക്ഷയ്ക്കായി കേരള പോലീസ്, മിൽമ സംയുക്ത ക്യാമ്പയിൻ നാളെ (25.05.2025) മുതൽ

സൈബർ സുരക്ഷയ്ക്കായ് കേരള പോലീസ് മിൽമയുമായി കൈകോർക്കുന്നു.

സൈബർ സുരക്ഷ അത്യന്താപേക്ഷിതമായ കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ദിനംപ്രതി അനവധിപേരാണ് പല തരത്തിലുള്ള സൈബർ കബളിപ്പിക്കപ്പെടലിലൂടെ അവരുടെ ജീവിത സമ്പാദ്യങ്ങൾ നഷ്ടപ്പെടുത്തുന്നത്. കഴിഞ്ഞ മൂന്നുവർഷങ്ങളിലായി 1200 കോടി രൂപ സൈബർ തട്ടിപ്പുകളിലൂടെ മലയാളികൾക്ക് നഷ്ടപ്പെട്ടിട്ടുണ്ട് എന്നാണ് കണക്കുകൾ വ്യക്തമാകുന്നത്.

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കബളിപ്പിക്കപ്പെട്ടാൽ റിപ്പോർട്ട് ചെയ്യുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും ദേശീയ സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലും ഉള്ളപ്പോഴാണ് ഇത് സംഭിവക്കുന്നത് എന്നതാണ് ദുഃഖകരം.

ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് കുറേ പേരിലേക്കെങ്കിലും സൈബർ തട്ടിപ്പിനെതിരെയുള്ള ബോധവത്കരണ സന്ദേശങ്ങൾ എത്തപ്പെടുന്നില്ല എന്നുള്ളതാണ്. അത്തരമൊരു തിരിച്ചറിവിൽ നിന്നാണ് സൈബർ ബോധവത്കരണ സന്ദേശങ്ങൾ പരമാവധി ജനങ്ങളിലേക്കെത്താൻ കേരളത്തിൽ പാലിന്റെ പര്യായമായിത്തീർന്ന മിൽമയുമായി കേരള പോലീസിന്റെ സൈബർ വിഭാഗം കൈകോർക്കുന്നത്.

ഇന്ന് (മെയ് 25) മുതൽ സംസ്ഥാനത്തു വിതരണം ചെയ്യുന്ന മിൽമ പാൽ കവറുകളിൽ കേരള പോലീസിന്റെ 1930 എന്ന സൈബർ ഹെൽപ്പ് ലൈൻ നമ്പറും സൈബർ സുരക്ഷ സന്ദേശങ്ങളും രേഖപ്പെടുത്തും.

ഓരോ മിൽമ ഉപഭോക്താവിനെയും ജാഗ്രതയോടെ ഡിജിറ്റൽ ലോകത്തെ നേരിടാൻ പ്രാപ്തരാക്കുക എന്നതാണ് ഈ സംയുക്ത ക്യാമ്പയിന്റെ ലക്ഷ്യമെന്ന് പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ് ശ്രീജിത്ത് പറഞ്ഞു. വ്യക്തി ജീവിതം ഏറെയും ഓൺലൈൻ ആകുന്ന ഈ കാലഘട്ടത്തിൽ സൈബർ അവബോധം പരമാവധി പൊതുഇടങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള പുതിയ മാർഗങ്ങൾ അവലംബിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സൈബർ തട്ടിപ്പുകൾക്ക് ഇരയാവുന്നവരിൽ അധികവും ഇത്തരം കെണികളെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്ത സാധാരണക്കാരാണ്. സമൂഹ മാധ്യമങ്ങളോ പത്രങ്ങളോ വാർത്താ ചാനലുകളോ എത്തിച്ചേരാത്ത സാധാരണക്കാർക്കിടയിലും ഉൾപ്രദേശങ്ങളിൽ പോലും മിൽമ പാൽ പാക്കറ്റുകൾ വ്യാപകമായി വിപണനം ചെയ്യപ്പെടുന്നതിനാൽ, ജനങ്ങൾ അത് നിത്യേന ഉപയോഗിക്കുന്നുമുണ്ട്.

ഏകദേശം 30 ലക്ഷം വീടുകളിലേക്ക് സൈബർ സുരക്ഷാ സന്ദേശങ്ങളും ടോൾഫ്രീ നമ്പറും എത്തിക്കാൻ ഈ കൂട്ടുകെട്ട് ഉപകരിക്കും. കേരള പോലീസിന്റെ ഈ ക്യാമ്പയിനുമായി എല്ലാവിധത്തിലുമുള്ള സഹകരണവും മിൽമ ഉറപ്പുനൽകുന്നുവെന്നും ഇത് സൈബർ കബളിപ്പിക്കപ്പെടലിൽ നിന്ന് രക്ഷപ്പെടാൻ ജനങ്ങളെ സഹായിക്കും എന്നത് മാത്രമല്ല മിൽമയുടെ സാമൂഹിക പ്രതിബദ്ധതയും ഊട്ടിയുറപ്പിക്കപ്പെടുമെന്നും മിൽമ ചെയർമാൻ കെ എസ് മണി പറഞ്ഞു.

നിലവിൽ നൽകിവരുന്ന സൈബർ ബോധവൽകരണ സന്ദേശങ്ങളും ജാഗ്രതാ നിർദേശങ്ങളും ഫേസ്ബുക്, ഇൻസ്റ്റാഗ്രാം മുതലായ സമൂഹ മാധ്യമങ്ങൾ ഉപയോഗിക്കുന്ന യുവജനതയിൽ ഒതുങ്ങുന്നതുകാരണം വീട്ടമ്മമാരും ചെറുകിട ഹോട്ടൽ ജീവനക്കാരും മുതിർന്നവരുമടങ്ങുന്ന ഒരു ജനവിഭാഗത്തിലേക്കു എത്താതിരിക്കുന്നുണ്ട്. അതിനാലാണ് ഇത്തരക്കാർ സൈബർ ക്രിമിനലുകൾക്കു ഇരയായിത്തീരുന്നത്. മിൽമയുമായുള്ള സംയുക്ത ക്യാമ്പയിനിലൂടെ ഇത് ഒരളവുവരെ പരിഹരിക്കുന്നതിനാണ് കേരള പോലീസ് ലക്ഷ്യമിടുന്നത്.

*****************************